ഇറയം റിസർച്ച് ജേർണൽ
September - December 2021 Volume V Issue 3

# അധോലോക നായകസങ്കല്പവും സംസ്കാര വിപണിയും: 'വിൻസന്റ് ഗോമസിനെ' പുനർവായിക്കുമ്പോൾ

ഡോ. എസ്. വിനോദ്

നവകാലപൊതുസമൂഹം ക്രിമിനൽവത്കരിക്കപ്പെടുന്നു. അസമത്വവും തൊഴിലില്ലായ്മയും മുഖ്യകാരണമാണ്. കുടുംബബന്ധങ്ങളിൽ കാലാകാലമായി ഉണ്ടായിട്ടുള്ള വിള്ളലുകളിൽ തുടങ്ങി മദ്യ-മയക്കമരുന്ന് മാഫിയാതലംവരെ ഉപഘടകങ്ങൾ ചെന്നെത്തുന്നു. ക്രമാനുഗതമായി അധോലോക പ്രവർത്തനങ്ങൾക്ക് വിധേയരാകുന്ന ചെറുപ്പക്കാർ എൺപതുകൾ മുതൽ കേരളസമൂഹത്തിൽ സജീവമാണ്. ജനപ്രിയ വിപണിയിടമായ സിനിമയും അധോലോകപശ്ചാത്തലത്തെ പരമാവധി ഉപയോഗിച്ചുവരുന്നുണ്ട്. ഇത്തരം സിനിമകളെയാണ് ഈ ലേഖനത്തിൽ അധോലോകസിനിമ എന്ന് വ്യവഹരിക്കുന്നത്. അധോലോകസിനിമകളിൽ പ്രാധാന്യം അർഹിക്കുന്ന 'രാജാവിന്റെ മകൻ' എന്ന ചിത്രത്തെ ജനപ്രിയസംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ നോക്കിക്കാണുകയാണ്. ഇതേ കാലഘട്ടങ്ങളിൽ ഇറങ്ങിയതും വർത്തമാനകാലത്ത് വിജയിക്കുന്നതുമായ മറ്റു മലയാളസിനിമകളിലെ നായകന്മാരെക്കൂടി താരതമ്യപഠനത്തിലൂടെ പരിശോധിക്കുന്നുണ്ട്. സാമൂഹികമനഃശാസ്ത്രത്തിന്റെ പിൻബലത്തിലാണ് 'വിൻസന്റ് ഗോമസി'നെ സംസ്കാരപഠനപശ്ചാത്തലത്തിൽ വിലയിരുത്തുന്നത്. നായകന്റെ സൃഷ്ടിയിലൂടെ ചിഹ്നപരമായി നിർമ്മിക്കുന്ന സാംസ്കാരികവിപണിയുടെ താല്പര്യങ്ങളും അപഗ്രഥിക്കുന്നുണ്ട്.

## രാജാവിന്റെ മകൻ - കഥാപശ്ചാത്തലം

കൊച്ചിയിലെ കുപ്രസിദ്ധനായ അധോലോകനേതാവാണ് വിൻസന്റ്ഗോമസ്സ്. 'വിൻസന്റ് ആന്റ് കോ' എന്ന പേരിൽ നിരവധി ബിസിനസ്സ് സ്ഥാപനങ്ങളും മദ്യമയക്കമരുന്ന് മാഫിയ ബന്ധവും കൊണ്ട് മുഖ്യമന്ത്രിയെപ്പോലും ചൊൽപ്പടിയിൽ നിർത്താൻ കഴിവുമുള്ള സമ്പന്നനാണ് വിൻസന്റ്ഗോമസ്സ്. റൗഡിയായ അച്ഛന്റെ മരണശേഷം അതേവഴി തെരഞ്ഞെടുത്ത വിൻസന്റ്ഗോമസ്സിന് വിശ്വസിക്കാൻ പാകത്തിൽ ജനറൽ മാനേജർ കുമാറും, അക്കൗണ്ട് ഓഫീസർ പീറ്ററും, എപ്പോഴും കൂടെയുണ്ട്. അവിവാഹിതനായ വിൻസന്റ്ഗോമസ്സിനെ പല കേസുകളിൽ നിന്നും രക്ഷിക്കാൻ അറിയപ്പെടുന്ന ക്രിമിനൽ വക്കീൽ വലയം കൂടെയുണ്ട്.

കേരളരാഷ്ട്രീയത്തിൽ പല കുതന്ത്രങ്ങളിൽക്കൂടിയും വിജയം വരിച്ച്, ആഭ്യന്തരമന്ത്രിസ്ഥാനത്ത് എത്തിയിരിക്കുന്ന യുവജനനേതാവാണ് കൃഷ്ണദാസ്. ഒരു കാലത്ത് വിൻസന്റിന്റെ കള്ളക്കടത്ത് വണ്ടികളുടെ ക്ലീനറായിരുന്ന കൃഷ്ണദാസ്. അനാഥാലയത്തിൽ വളർന്ന ആൻസിയുമായി കൃഷ്ണദാസ് പ്രണയത്തിലാവുകയും അവൾ ഗർഭിണിയാണ് എന്നറിഞ്ഞപ്പോൾ ഉപേക്ഷിക്കുകയും ചെയ്യുന്നു. അനാഥാലയത്തിലെ ഫാദറിന്റെ സംരക്ഷണയിൽ ആൻസിയും മകൻ രാജുവും നഗരത്തിലെ

ഫ്ളാറ്റിലാണ് താമസിക്കുന്നത്. അറിയപ്പെടുന്ന ക്രിമിനൽ വക്കീൽ വെങ്കിടാചലത്തിന്റെ ജൂനിയറാണ് ആൻസി.

വിൻസന്റ്ഗോമസ്സിന്റെ മദ്യക്കടത്ത് കൃഷ്ണദാസ് പോലീസിന് ഒറ്റിക്കൊടുക്കുന്നു. വിൻസന്റിനെതിരായ തെളിവുകൾ ആൻസിയിൽനിന്ന് വിൻസന്റിന്റെ വിശ്വസ്തനായ കുമാർ കൈക്കലാക്കുന്നു. കബളിക്കപ്പെട്ട ആൻസി തെറ്റുകാരിയായിമാറുന്നു. ആൻസിക്ക് ജോലി നഷ്ടമാകുന്നു. കോടതി ആൻസിയെ ശിക്ഷിക്കുന്നു. പോലീസ് സ്റ്റേഷനിൽനിന്നിറങ്ങിയ ആൻസിയെ സഹായിക്കുവാൻ വിൻസന്റ് തയ്യാറാകുന്നു. ആൻസി സഹായം സ്വീകരിക്കുന്നില്ല. ആൻസി തന്റെ സ്വർണ്ണാഭരണങ്ങൾ പണയംവെച്ച് മകന്റെ സ്കൂൾഫീസും, വീട്ടുവാടകയും കൊടുക്കുന്നു. ആഭരണങ്ങൾ പണയംവെച്ചതറിഞ്ഞ വിൻസന്റ് ആ ആഭരണങ്ങൾ തിരികെ ആൻസിക്ക് നൽകുന്നു. ശരീരം വിറ്റായാലും ആ കടം വീട്ടുമെന്ന് ആൻസി പറയുമ്പോൾ വിൻസന്റ് അമ്പരക്കുന്നു.

രാജുവിനെ തട്ടിക്കൊണ്ടുപോകുന്നവരിൽ നിന്ന് വിൻസന്റ് അവനെ രക്ഷിക്കുന്നു. ആൻസിയുടെ മനസ്സ് മാറുന്നു. വിൻസന്റിന്റെ ലീഗൽ അഡ്വൈസറായി ജോലി ചെയ്യാൻ ആൻസി തയ്യാറാകുന്നു. വിൻസന്റ് ആന്റ് കോ എന്ന കമ്പനിക്ക് വിജയത്തുടർച്ചയാണ് ആൻസി സമ്മാനിക്കുന്നത്. വിൻസന്റിന്റെ മുൻകാല അഡ്വക്കേറ്റും കൃഷ്ണദാസും ഒത്തുചേരുന്നു. വിൻസന്റിന്റെ ബിസിനസ്സ് സാമ്രാജ്യം ഒന്നൊന്നായി കൃഷ്ണദാസ് തകർക്കുന്നു. തന്റെ പ്രണയം വിൻസന്റ് ആൻസിയോട് പറയുന്നു. ആൻസി പിന്തിരിപ്പിക്കുന്നു. സാധാരണക്കാരനായി മാറിയ വിൻസന്റ്, കുമാറും പീറ്ററും കൊല്ലപ്പെടുമ്പോൾ ഒരു ഭ്രാന്തനെപ്പോലെ പെരുമാറുന്നു. കൃഷ്ണദാസിനെ കൊല്ലാൻ പുറപ്പെടുന്ന വിൻസന്റിനെ ആൻസി തടയുന്നു. പിൻമാറുന്ന വിൻസന്റ് ഗോമസ്സ് പോലീസുകാരുടെ വെടിയേറ്റുമരിച്ചുവീഴുന്നത് ആൻസിയുടെ മുന്നിലേക്കാണ്. 'രാജാവിന്റെ മകൻ' എന്ന അധോലോക നായകന് അതോടെ അന്ത്യം സംഭവിക്കുന്നു.

**'വിൻസന്റ് ഗോമസ്സ്' എന്ന നായകൻ/പ്രതിനായകൻ**

'ഉയരങ്ങളിൽ' എന്ന ചിത്രത്തിലൂടെയാണ് പ്രതിനായകൻ പൂർണ്ണനായകനായ മലയാളസിനിമ പുറത്തിറങ്ങുന്നത്. 'രാജാവിന്റെ മകൻ' എന്ന ചിത്രത്തിലെ 'വിൻസന്റ് ഗോമസ്സ്' എന്ന നായകനിലൂടെ ക്രിമിനൽ പശ്ചാത്തലത്തിലുള്ള പ്രതിനായകൻ നായകസ്ഥാനത്ത് അവരോധിക്കപ്പെടുന്നു. പ്രതിനായകൻ നായകനാകുമ്പോൾ '...പ്രതിനായകനെ ഉദാത്തീകരിക്കുന്ന പ്രവണത പൊതുമനസ്സിനെ സാമൂഹ്യവിരുദ്ധമാക്കിത്തീർക്കും എന്ന ഒരു ഭീതി"[1] സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. സാമൂഹിക ഉന്നമനം ലക്ഷ്യമാക്കുന്നില്ല ഇത്തരം നായകസൃഷ്ടികൾ എന്ന അപരയാഥാർത്ഥ്യം ഈ ഭീതിയുടെ പിന്നിലെ മനഃശാസ്ത്രമാണ്. നായകന്റെ നന്മകൾ ഉദാത്തവത്കരിക്കുന്ന സിനിമകൾ സാമൂഹിക ഉന്നമനം നിർവ്വഹിക്കുകയാണോ എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

"മഹത്വവത്കരിക്കപ്പെടുന്ന നന്മ എന്ന പ്രതിഭാസം വ്യവസ്ഥയുടെ പ്രതീകമല്ലാതെ മറ്റൊന്നുമല്ല. ആധിപത്യ-വിധേയത്വങ്ങളെ സ്ഥാപനവത്കരിക്കുന്ന വ്യവസ്ഥയെയാണ് 'നന്മ'യുടെ പുനഃസ്ഥാപനത്തിലൂടെ എല്ലായ്പ്പോഴും ഉറപ്പിക്കുന്നതെന്നതാണ് സത്യം. നന്മയുടെ സർവ്വകാലസംരക്ഷകനായ നായകകഥാപാത്രങ്ങൾ വാഴുന്ന സിനിമകളുടെ വർഷങ്ങളായി തുടർന്നുവരുന്ന പാറ്റേൺ, ഏകാധിപത്യം, സ്ത്രീവിരുദ്ധത, സമഭാവീകരണത്തിലൂടെ കപടമായി സാക്ഷാത്കൃതമാകുന്ന അഭിവാഞ്ഛകൾ"[2] പൊതുഘടകങ്ങളിലൂടെ പുരോഗമനാത്മകമല്ലാതായി

തീരുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. എന്തൊക്കെയായാലും ഹിംസാത്മകവും ഭീതിജനകവുമായ അന്തരീക്ഷത്തിലേക്കാണ് വിൻസന്റ് ഗോമസ്സിനെപ്പോലുള്ള അധോലോകനായകന്മാർ പ്രേക്ഷകരെ കൊണ്ടു ചെന്നെത്തിക്കുക. കച്ചവടസിനിമ വ്യാപാരവിജയം എളുപ്പത്തിൽ ഉറപ്പിക്കുവാനാണ് 'വിൻസന്റ്ഗോമസ്സി'നെ പോലുള്ള നായകന്മാരെ ജനപ്രിയസംസ്കാരത്തിന്റെ കളത്തിലേക്ക് ഇറക്കുന്നത്. ദൃശ്യ-ശബ്ദതലങ്ങളുടെ പ്രത്യേകതകളും കഥാപാത്രങ്ങളായി വരുന്ന നടന്മാരുടെ ജനപ്രിയതയും മുതലെടുത്തുകൊണ്ടാണ് ഇത്തരം നായകന്മാർ വിപണിയെ കീഴടക്കുന്നത്.

'രാജാവിന്റെ മകൻ' പുറത്തിറങ്ങിയ കാലഘട്ടത്തെയും 'വിൻസന്റ്ഗോമസ്സ്' എന്ന നായകനെയും താരതമ്യം ചെയ്യുമ്പോൾ സാമൂഹികമായ ചില വ്യാഖ്യാനങ്ങൾക്കത് ഇട നൽകും.

* ദാവൂദ് ഇബ്രാഹിമിനെപ്പോലെയുള്ളവർ സ്വന്തം സാമ്രാജ്യം പടുത്തുയുയർത്തിയ കാലത്താണ് വിൻസന്റ്ഗോമസ്സ് എന്ന നായകന്റെ പിറവി. വിൻസന്റിന് വിൻസന്റ് ആന്റ് കോ എന്ന പേരിൽ ഒരു സാമ്രാജ്യം ഉണ്ടായിരുന്നു.

* ദാവൂദ് ഇബ്രാഹിം, അരുൺ ഗാവ്ലി, വരദരാജ മുതലിയാർ, ഛോട്ടാ ഷക്കീൽ എന്നീ പേരുകളിൽ അറിയപ്പെടുന്നവരായിരുന്നു ഇന്ത്യയിലെ അധോലോകനായകന്മാർ. ഒന്നിലധികം നാമശബ്ദങ്ങൾകൂടിച്ചേർന്ന പേരിലായിരിക്കും പൊതുവെ അധോലോകനായകന്മാർ അറിയപ്പെട്ടിരുന്നത്. പേരിനൊപ്പം ഒരു ഭയം സൃഷ്ടിക്കൽ ഇതിനുപിന്നിലുണ്ട്. ഇത്തരം പേരുകൾ വ്യത്യസ്തമായതുകൊണ്ട് മറക്കാതിരിക്കാനും സാധിക്കുമായിരുന്നു. ഇത് കുപ്രസിദ്ധിയാർജ്ജിക്കലിന് ആക്കം കൂട്ടിയ ഘടകങ്ങളിൽ ഒന്നാണ്. 'വിൻസന്റ്ഗോമസ്സ്' എന്ന പേരിലും ഒരു നിഗൂഢത ഉണ്ട്. അതായത് ചേർച്ചയില്ലാത്ത രണ്ടു പേരുകൾ ചേർത്തുവച്ച്, ചേർച്ചയുള്ള ഒരു പേരാക്കിമാറ്റിക്കൊണ്ട് പ്രസിദ്ധിയാർജ്ജിക്കൽ. രാമനെന്നോ സന്തോഷെന്നോ ആണ് അധോലോകനായകന്റെ പേരെങ്കിൽ സിനിമയുടെ വിപണി ഈ അവസ്ഥയിൽ സ്വീകരിക്കുകയില്ല.

* 'വിൻസന്റ്ഗോമസ്സ്' എന്ന അധോലോകനായകൻ പാത്രസ്വരൂപത്തിൽ ഏതാണ്ടെല്ലാ ആക്ഷൻ നായകന്മാരുടെയും വാർപ്പു മാതൃകയാണ്. ഉദാഹരണത്തിന്, 'ഇരുപതാം നൂറ്റാണ്ടി'ലെ 'സാഗർ ഏലിയാസ് ജാക്കി', 'അതിരാത്രം'ത്തിലെ 'താരാദാസ്', 'ബഡാദോസ്തി'ലെ 'ദയാശങ്കർ' തുടങ്ങിയവ

* ബ്ലേഡ് മാഫിയകൾ കേരളത്തിൽ തഴച്ചുവളർന്ന കാലമായിരുന്നു എൺപതുകൾ. വിദേശപണത്തിന്റെ അനിയന്ത്രിതമായ ഒഴുക്ക് ഇതിന് ആക്കം കൂട്ടിയിട്ടുണ്ട്. വിൻസന്റ്ഗോമസ്സിന് സ്വർണ്ണപണയത്തിനുമേൽ പണം കടം കൊടുക്കുന്ന സ്ഥാപനങ്ങൾ ചിത്രത്തിലുണ്ട്. ആൻസി പണയം വയ്ക്കുന്ന സ്വർണ്ണാഭരണങ്ങൾ വിൻസന്റ് ഗോമസ്സ് തിരികെകൊണ്ടുവരുമ്പോൾ അത് വ്യക്തമാണ്. 'പരുന്ത്' എന്ന സിനിമയിലെത്തുമ്പോൾ പലിശയ്ക്ക് പണം കൊടുക്കുന്നവർ മഹത്വവത്കരിക്കപ്പെടുന്നതാണ് കാണുന്നത്. ചിത്രത്തിന്റെ പരസ്യവാചകം തന്നെ ഇങ്ങനെയാണ്: 'പണത്തിനുമീതെ ഈ പരുന്ത് പറക്കും'. 'ഓപ്പറേഷൻ കുബേര' പോലുള്ള നിയമങ്ങൾ നിലനിൽക്കുന്ന സാമൂഹിക പശ്ചാത്തലത്തിലാണ് 'പരുന്ത്' പോലുള്ള ചിത്രങ്ങൾ പ്രേക്ഷകനുമുന്നിലെത്തുന്നത്. കോടികളുടെ മീതെ പറക്കുന്ന പരുന്തായി സിനിമ മാറിയതാണ് കാരണം. ഇവിടെ സിനിമതന്നെ വിപണിക്കുമേൽ വട്ടമിട്ടു പറക്കുന്ന ഒരു പരുന്താണ് എന്ന അന്തർപാഠം കൂടി വായിച്ചെടുക്കാം. 'വിപണിയിലെ പരുന്താ'യി പലിശക്കാരനായ നായകനും, സിനിമതന്നെയും മാറുന്നു.

പുതിയ ടെക്നിക്കുകളിലൂടെയുള്ള നായകാവതരണം എൺപതുകൾ മുതലുള്ള സിനിമകളുടെ പ്രത്യേകതയാണ്. സാങ്കേതികത നായകത്വത്തെ പൊലിപ്പിക്കാൻ സഹായിക്കുന്ന അണിയറഘടകമാണ്. വിൻസന്റ്ഗോമസ്സിന്റെ പ്രവേശനംതന്നെ ആധുനികകാറിനുള്ളിലെ ഗ്ലാസിനിടയിലൂടെയുള്ള ക്ലോസപ്പ് ഷോട്ടിലൂടെയാണ് ദൃശ്യവത്കരിച്ചിരിക്കുന്നത്. ഭാവമാകട്ടെ തുറിച്ചുനോട്ടവും. ഈ അവതരണസീനിന്റെ വിജയം പിൽക്കാലത്തെ പല മോഹൻലാൽ ചിത്രങ്ങളുടെയും മാർഗ്ഗരേഖയായി മാറി. ('ആറാം തമ്പുരാൻ', 'സാഗർ ഏലിയാസ് ജാക്കി', 'പുലിമുരുകൻ' തുടങ്ങിയ ചിത്രങ്ങൾ ഉദാഹരണമാണ്). ആണത്തത്തിന്റെ/പൗരുഷത്തിന്റെ ആഘോഷചിത്രങ്ങളുടെ ഒരു നിരതന്നെ ഇതേത്തുടർന്ന് മലയാള സിനിമയിൽ സംജാതമായി. കേരളത്തിൽ മോഹൻ ലാൽ ഫാൻസ് അസോസിയേഷൻ ശക്തിയാർജ്ജിച്ചതും മോഹൻ ലാലിനെ സൂപ്പർ സ്റ്റാർ ആക്കി മാറ്റിയതും 'രാജാവിന്റെ മകൻ' ആയിരുന്നു. രാജാവിന്റെ മകനിലെ വിൻസന്റ് ഗോമസിന്റെ രംഗപ്രവേശത്തിലൂടെ ആരാധകർ ഏറ്റെടുത്തും ചാർത്തിക്കൊടുത്തതുമാണ് 'സൂപ്പർ താര' വിശേഷണം. മൂല്യവ്യവസ്ഥകളെ വെല്ലുവിളിക്കുന്ന കഥാപാത്രങ്ങൾ മലയാളത്തിൽ നിറഞ്ഞാടിയതും ഇത്തരം വിശേഷണങ്ങളുടെ തുടർച്ചയാണ്.

നീതിന്യായവ്യവസ്ഥയെ വെല്ലുവിളിക്കുകയും എതിർക്കുകയും ചെയ്യുന്ന നായകന്മാർക്ക് വിപണിസാധ്യത ഏറെയാണ്. വിൻസന്റ്ഗോമസ് കൃഷ്ണദാസിനെ അധിക്ഷേപിക്കുന്ന സന്ദർഭത്തിൽ കൃഷ്ണദാസ് പാർട്ടിഓഫീസിലെ മേശയിൽ ഇടിക്കുന്നുണ്ട്. ആ രോഷത്തെ വാചകകസർത്താക്കി മാറ്റുന്ന വിൻസന്റ്ഗോമസ് മൂല്യസംരക്ഷണത്തിന്റെ വൈരുദ്ധ്യാത്മകയുടെ പ്രതീകമായി മാറുകയാണ് സംഭാഷണം ഇങ്ങനെ "പതുക്കെ ഇടിയെടാ. ഇത് ഒടിഞ്ഞുപോയാൽ നിനക്ക് നഷ്ടമൊന്നുമില്ല. നഷ്ടം ഞങ്ങൾക്കാ. ഈ മേശയും പുറത്തുവച്ചിരിക്കുന്ന ബോർഡും നീ ഇട്ടിരിക്കുന്ന ഷർട്ടും (അനുയായികളെ ചൂണ്ടി) നീയെല്ലാം കഴിക്കുന്ന ആഹാരം പോലും ഞങ്ങടെ പണമാണ്. അല്ലാന്ന് പറയാമോ?" രാഷ്ട്രീയക്കാരോടുള്ള പുച്ഛം മാത്രമല്ല, വ്യവസ്ഥിതിയോടുള്ള വെല്ലുവിളിയും ഈ സംഭാഷണത്തിലുണ്ട്. കേൾക്കുന്ന ആഭ്യന്തരമന്ത്രി നാവടക്കുകയാണ്. ഇത്തരം നാവടക്കലുകളാണ് സമൂഹത്തിൽ വിൻസന്റ് ഗോമസുമാരെ സൃഷ്ടിക്കുന്നത്.

**അധോലോകനായകനിലേക്കുള്ള മാറ്റം**

'ഒരിക്കൽ രാജുമോൻ എന്നോട് ചോദിച്ചു. അങ്കിളിന്റെ ഫാദർ ആരാണെന്ന്. ഞാൻ പറഞ്ഞു ഒരു രാജാവാണെന്ന്. കിരീടവും ചെങ്കോലും സിംഹാസനവുമുള്ളൊരു രാജാവ്. പിന്നീട് എന്നെ കാണുമ്പോൾ അവൻ കളിയാക്കി വിളിക്കുമായിരുന്നു. പ്രിൻസ്, രാജാവിന്റെ മകൻ എന്ന്. ഐ ആം എ പ്രിൻസ്. അണ്ടർ വേൾഡ് പ്രിൻസ്. അധോലോകങ്ങളുടെ രാജകുമാരൻ. ജീവിതം തുടങ്ങിയപ്പോ ഒരു വാശിയോടെ നേടിയെടുത്തതാണ് ഈ സിംഹാസനം. എന്റെ അപ്പൻ ഈ നഗരത്തിലെ, ഈ തെരുവിലെ ഒരു റൗഡിയായിരുന്നു. തല്ല് കൊണ്ടാലും കൊടുത്താലും അഞ്ചു രൂപയിൽ കൂടുതൽ സമ്പാദിക്കാൻ കഴിയാത്ത ഒരു പാവം റൗഡി. അപ്പന്റെ ഒരേ ഒരാഗ്രഹം, ഒരേ ഒരു പ്രതീക്ഷ അതു ഞാനായിരുന്നു. വിധി, അതേ എല്ലാം വിധിയായിരുന്നു. അപ്പന്റെ ആഗ്രഹം നടന്നില്ല. ഞാനും അതേ അഴുക്കുചാലിൽ വീണുപോയി". പ്രേക്ഷകരുടെ മുന്നിൽ, 'ഞാനും അഴുക്കുചാലിൽ വീണുപോയി' എന്ന സംഭാഷണത്തിലൂടെ വിൻസന്റ്ഗോമസ്സിനെ വിമലീകരിക്കുകയാണ്. വിൻസന്റിന്റെ അഭിനയത്തിലൂടെ (കഥാപാത്രത്തെ നായകനാക്കി മാറ്റുന്നതിലൂടെ) സാഹചര്യസമ്മർദ്ദത്താൽ താനും ഇങ്ങനെയായി മാറിയെന്നു പറഞ്ഞുകൊണ്ട് പ്രേക്ഷകസഹതാപത്തിന് നായകനെ വിധേയമാക്കുകയാണ്. അവിടെ

നായകനുമായി താദാത്മ്യം പ്രാപിച്ച് പ്രേക്ഷകർ നായകൻ ചെയ്യുന്ന ദുഷ്പ്രവൃത്തികളെ ന്യായീകരിക്കുന്നു. എന്തിനും ന്യായീകരണമുള്ള മുതലാളിത്തഘടകമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത്. ഒരു ഉൽപ്പന്നത്തിന് വിലകൂടിയാൽ നിർമ്മാണക്കമ്പനികൾ അവരുടെതായ ന്യായങ്ങൾ നിരത്തും. അതുപോലെതന്നെയാണ് കച്ചവടകേന്ദ്രിതസിനിമയിൽ നായകൻ തന്റെ ആശാസ്യമല്ലാത്ത പ്രവൃത്തികളെ ന്യായീകരിക്കുന്നത്.

**വിലക്കെടുക്കുന്ന അധികാരം**

തനിക്ക് ചുറ്റും എന്ത് നടക്കണമെന്ന് തീരുമാനിക്കാനുള്ള അധികാരം വിൻസന്റ് വില കൊടുത്ത് വാങ്ങിയതാണ്. കച്ചവടക്കാരും ഇതുതന്നെയാണ് ചെയ്യുന്നത്. പണം മുടക്കി പരസ്യവിപണി കീഴടക്കും. നടന്മാരും ഇതുതന്നെയാണ് ചെയ്യുന്നത്. ആദ്യം ആരാധകരെ സൃഷ്ടിക്കും പിന്നീട് അവരെവച്ച് മറ്റുള്ളവരുടെ സിനിമകൾ തകർത്തുകൊണ്ട് തിയേറ്ററുകൾ തങ്ങളുടെ വരുതിയിലാക്കും. സിനിമ മൊത്തത്തിൽ താരത്തിനുചുറ്റും ഭ്രമണം ചെയ്യിപ്പിക്കും. തന്റെ സിനിമയിലും, സിനിമാരംഗത്തും ആരു വേണമെന്നവർ തീരുമാനിക്കും. നായകന്മാർ സങ്കല്പങ്ങളിൽ മാത്രമായി മാറുകയും, സങ്കല്പിക്കാനാവാത്തത്ര ഉയരങ്ങളിൽ നിന്നുകൊണ്ടവർ പ്രവർത്തിക്കുന്നതുമായാണ് വർത്തമാനകാലത്ത് കാണുവാൻ കഴിയുന്നത്. തനിക്കെതിരെ ഒരു ചെറുവിരൽ ആരനക്കിയാലും അത് യഥാവിധി അറിയുവാനും, അറിയിക്കുവാനും ഒരു വിഭാഗം എപ്പോഴും വിൻസന്റിനെ ചുറ്റിപ്പറ്റിയുണ്ട്. രാഷ്ട്രീയക്കാരെ നിയന്ത്രിക്കാൻ പാകത്തിലുള്ള സാമ്പത്തിക സ്രോതസ്സ് വിൻസന്റിന്റെ കൈമുതലാണ്. കേരളം ആരുഭരിക്കണം എന്ന് തീരുമാനിക്കാൻ പോന്നതരത്തിൽ അധികാരശ്രേണിയിൽ സ്വാധീനം ചെലുത്താൻ പാകത്തിലുള്ള രാഷ്ട്രീയ സ്വാധീനതയും വിൻസന്റിനുണ്ട്. രാഷ്ട്രീയക്കാരുമായി വിൻസന്റിനുള്ള ബന്ധത്തിന്റെ ശക്തിയാണ് കേരളമുഖ്യമന്ത്രി വിൻസന്റിനെക്കുറിച്ച് ആഭ്യന്തരമന്ത്രിയോട് ഒരു സന്ദർഭത്തിൽ പറയുന്ന സംഭാഷണത്തിൽ തെളിയുന്നത്.

മുഖ്യമന്ത്രി : വിൻസന്റ്ഗോമസ്സ് ആരാണെന്ന് തനിക്കറിയാമോ?

കൃഷ്ണദാസ് : അറിയാം, കോടീശ്വരനായ ഒരു മദ്യ രാജാവ്. കള്ളക്കടത്തുകാരൻ.

മുഖ്യമന്ത്രി : അയാൾ നമ്മുടെ പാർട്ടി അനുയായിയാണ്. പല വിഷമഘട്ടങ്ങളിലും പാർട്ടിയെ സാമ്പത്തികമായും അല്ലാതെയും രക്ഷപ്പെടുത്തിയിട്ടുള്ളത് അയാളാണ്. അതു മറക്കരുത്. ഈ പറയുന്ന നിങ്ങൾ തന്നെ സംഭാവനയെന്നും പിരിവെന്നും കോളേജ് ഇലക്ഷനെന്നും പറഞ്ഞ് അയാളുടെ പടിവാതിലിൽ പോയി നിരങ്ങിയിട്ടില്ലേ, കൈ നിറയെ വാങ്ങിയിട്ടുമുണ്ടല്ലോ. നന്ദികേടിന് ഒരു അതിരൊക്കെവേണം മിസ്റ്റർ കൃഷ്ണദാസ്".

മുകളിലെ സംഭാഷണങ്ങളിൽ നിന്നുതന്നെ കേരളരാഷ്ട്രീയ ഘടനയെത്തന്നെ വിൻസന്റ്ഗോമസ്സിന് എളുപ്പത്തിൽ മാറ്റിമറിക്കാൻ കഴിയുമെന്ന് വ്യക്തമാണ്. ഇത്തരം അധോലോക നായകന്മാരെ സൃഷ്ടിക്കുന്നത് അധികാരവർഗ്ഗം തന്നെയാണെന്നതിന് വ്യക്തമായ സൂചന 'വിൻസന്റ്ഗോമസ്സ്' തരുന്നുണ്ട്. കഥാപാത്രത്തെ നായകനിർമ്മിതിയിലേക്ക് മാറ്റി പ്രതിഷ്ഠിക്കുവാൻ നടന്മാർ ശരീരഭാഷയുടെ ചില ജനപ്രിയ സൂചകങ്ങൾ കൂടി ഉപയോഗിക്കുന്നുണ്ട്.

**ശരീരഭാഷയിലെ വ്യതിയാനം**

ചെറുപ്പക്കാരനായ വിൻസന്റ്ഗോമസ്സിന്റെ നടത്തയിലും വേഷവിധാനത്തിലും പാശ്ചാത്യസംസ്കാരത്തിന്റെ ചില അടയാളങ്ങൾ കാണാം. വിദേശനിർമ്മിത കാറുകളിലാണ് പലപ്പോഴും യാത്ര ചെയ്യാറ്. എൺപതുകളിൽ കേരളവിപണിയിൽ പുറത്തിറങ്ങിയ ഫിയറ്റ് കാറാണ് വിൻസന്റ് ഉപയോഗിക്കുന്നത്. ഈ കാറുകളുടെ പരസ്യപ്രചരണവും രഹസ്യമായി സിനിമാവിപണിയിൽ നടത്തുന്നുണ്ട്. തലമുടി വെട്ടിയൊതുക്കി, ക്ലീൻഷേവുചെയ്ത്, കടുംനിറത്തിലുള്ളതും അല്ലാത്തതുമായ വസ്ത്രങ്ങൾ 'ഇൻസർട്ട്' ചെയ്തും, ഓവർകോട്ട് ധരിച്ചുമാണ് വിൻസന്റ് ഗോമസ്സ് നടക്കാറ്. സാമ്പത്തിക മെച്ചപ്പെടലിന്റെ സാമൂഹിക അടയാളമായിരുന്നു പാശ്ചാത്യാനുകരണ വസ്ത്രധാരണം. വസ്ത്രധാരണത്തിലെ കടുംനിറം പലപ്പോഴും വിൻസന്റിന്റെ പ്രവൃത്തികളെ ദ്യോതിപ്പിക്കുന്നുണ്ട്.

വിൻസന്റ് ഉപയോഗിക്കുന്ന ആയുധങ്ങൾ അക്കാലത്ത് കേരളത്തിൽ കാണാൻ കഴിയാത്തവയായിരുന്നു. തോക്കുകൾ തന്നെ ശ്രദ്ധിച്ചാൽ മതിയാവും. സിനിമയുടെ പരസ്യത്തിൽ വിൻസന്റ്ഗോമസ്സ് തോക്കുമായി പുറപ്പെടുന്ന ചിത്രമാണ് മുന്തിനിൽക്കുന്നത്. സിനിമ ഇറങ്ങുംമുമ്പേ അധോലോകനായകനാണ് ചിത്രത്തിലേതെന്നും, തോക്കാണ് നായകന്റെ പ്രധാന ആയുധമെന്നും ദ്യോതിപ്പിക്കുവാൻ അത് ഉതകുന്നുണ്ട്. പ്രേക്ഷക മനസ്സുകളിൽ ചിഹ്നങ്ങളിലൂടെ അധോലോകം സൃഷ്ടിക്കുകയാണ് സിനിമയുടെ പോസ്റ്ററുകൾ. ഇതും കമ്പോളത്തിന്റെ /താരനിർമ്മിതിയുടെ സാംസ്കാരിക മുദ്രകളാണ്. കൃഷ്ണദാസിനെ കൊല്ലാൻ പുറപ്പെടുമ്പോൾ ഉപയോഗിച്ചിരിക്കുന്ന ഷർട്ട്, പുലിത്തോലിനെ ഓർമ്മിപ്പിക്കുന്നതാണ്; പുലിത്തോലെന്ന കൃത്രിമ തോന്നൽ സൃഷ്ടിക്കുകയാണ്. വന്യമൃഗവേട്ട നിരോധിച്ച രാജ്യത്തിൽ പരസ്യമായി അത്തരം തുണികൊണ്ടു നിർമ്മിച്ച വസ്ത്രം ഉപയോഗിക്കുക വഴി നീതിവ്യവസ്ഥകളെ തങ്ങൾ ഭയക്കുന്നില്ല എന്ന സൂചനകൂടി അതിലുണ്ട്. സിനിമയിൽ ഈ വസ്ത്രം നായകന്റെ സാഹസികതയും, മനസ്സിന്റെ അവസ്ഥയും പ്രതിഫലിപ്പിക്കുന്നുണ്ട്.

പലപ്പോഴും വിൻസന്റ് സംസാരിക്കുമ്പോൾ സന്ദർഭത്തിനനുസരിച്ച് ശരീരഭാഷയിൽ മാറ്റം വരുത്തുന്നുണ്ട്. സൗഹൃദം, പക, പ്രണയം, വാത്സല്യം, ദയ തുടങ്ങി പല ഭാവങ്ങളിലൂടെയാണ് വിൻസെന്റ് കടന്നു പോകുന്നത്. വിൻസന്റിന്റെ ചിന്തകൾ പ്രതിഫലിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ കണ്ണുകൾ. പശ്ചാത്തലസംഗീതത്തിന്റെ കൃത്യമായ വിന്യാസത്തിലൂടെ പ്രേക്ഷകർക്ക് നേരിട്ട് അത് വായിച്ചെടുക്കുവാൻ കഴിയുന്നുണ്ട്. മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാകാൻ സദാ വിൻസന്റ് ശ്രദ്ധിക്കുന്നുണ്ട്. 2255 എന്ന ഫോൺനമ്പർ ആൻസിയുടെ വീട്ടിലെ ചുവരിൽ പതിപ്പിച്ചിരുന്ന കലണ്ടറിൽ എഴുതിയിടുന്നത് തന്നെ ഒരു പ്രത്യേകരീതിയിലാണ്. കലണ്ടറിനെ എഴുത്തിനുപയോഗിക്കാൻകൂടി പാകത്തിൽ ഒരു സാംസ്കാരികചിഹ്നമായി മാറ്റാൻ സംവിധായകന് ഈ ദൃശ്യത്തിലൂടെ സാധിച്ചിട്ടുണ്ട്. കലണ്ടറിൽ നായകന്റെ നമ്പർ പതിപ്പിച്ചിടുക വഴി എന്തിനും മുകളിൽ നായകനെ പ്രതിഷ്ഠിക്കുന്ന താരനിർമ്മിതിയുടെ സൂത്രവാക്യമാണ് കാണാൻ കഴിയുന്നത്. നായകന്റെ മാനറിസം കാട്ടുവാനാണ് ഇത്തരം ദൃശ്യവത്കരണങ്ങൾ സിനിമയിൽ ഉപയോഗിക്കുന്നത്.

ഒരു അഭിഭാഷകനെപോലെ വാദിക്കുന്ന തരത്തിലുള്ള ശരീരഭാഷ പലപ്പോഴും എതിരാളികളോട് കയർക്കുന്ന സന്ദർഭങ്ങളിൽ വിൻസന്റിൽ പ്രത്യക്ഷപ്പെടാറുണ്ട്. രോഷാകുലമാകുന്ന ഭാവങ്ങളും, രാഷ്ട്രീയപ്രയോഗങ്ങളും, വിദ്യാഭ്യാസത്തിൽ നിന്നല്ലാതെ ആർജ്ജിച്ചെടുത്ത ഇംഗ്ലീഷ് പ്രയോഗങ്ങളുമൊക്കെ വിൻസന്റ്ഗോമസ്സ് എന്ന അധോലോകനായകന്റെ പൊതുജനസ്വീകാര്യതക്ക്

ആക്കംകൂട്ടുന്നതു തന്നെയാണ്. ഇത്തരം അധോലോകനായകന്മാരെ ഭാഗികമായി ഒരുതരത്തിൽ പ്രേക്ഷകർ ഇഷ്ടപ്പെടുവാൻ കാരണവും ഇതൊക്കെത്തന്നെയാകാം. പറയേണ്ടതെല്ലാം പറയാനും ശ്രദ്ധയോടെ സംസാരിക്കുവാനും വിൻസന്റ് എപ്പോഴും ശ്രമിക്കുന്നുണ്ട്. വന്നവഴികളും, വേണ്ടപ്പെട്ടവരെ കണ്ടുമുട്ടിയതും അവർക്ക് താൻ ചെയ്തിട്ടുള്ള സഹായങ്ങളും സദാ ഓർമ്മയിൽ സൂക്ഷിക്കാറുള്ള വിൻസന്റ്, വേണ്ടസമയത്ത് അത് എതിരാളികൾക്ക് നേരെ വാക്ശരമായി പ്രയോഗിക്കുന്നതിലും വിജയിക്കുന്നുണ്ട്. കൃഷ്ണദാസിനോടുള്ള സംഭാഷണത്തിൽ വിൻസന്റ് ഗോമസ്സ് താൻ ആരാണെന്ന് സ്വയം വരച്ചിടുന്നുണ്ട്.

"വിൻസന്റിനെ ചതിച്ചവരാരും ഇന്ന് ജീവിച്ചിരിപ്പില്ല. നിന്റെ കഷ്ടകാലം തുടങ്ങാൻപോകുന്നു". ആരൊക്കെ അയാളെ ചതിച്ചിട്ടുണ്ടെന്നും അവരെ കണ്ടെത്തി കൊലപ്പെടുത്തിയിട്ടുണ്ടെന്നും തന്നെ കഷ്ടപ്പെടുത്തുന്നവർക്ക് തുടർന്നുള്ള നാളുകളിൽ, കഷ്ടകാലമാണ് എന്നുമുള്ള താക്കീത് കൈക്കരുത്തിന്റേതാണ്. വിൻസന്റ്ഗോമസ്സ് എന്ന അധോലോകനായകനെ ജനപ്രിയനാക്കിയ ചില ആണത്തസ്വഭാവചിഹ്നങ്ങൾ എന്നു പൊതുജനം വിശ്വസിക്കുന്ന ഘടകങ്ങൾ പരിശോധിക്കുന്നത് ഈ സന്ദർഭത്തിൽ ഉചിതമാണ്. നായകത്വം ഊട്ടിയുറപ്പിക്കുവാൻ ഗുണകരവും ദോഷകരവുമായ ചില സ്വഭാവസവിശേഷതകൾ പാത്രസൃഷ്ടിയിൽ പ്രകടമാണ്. അവ ആണത്തത്തിന്റെ അടയാളമായി ദൃശ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

**കൈക്കരുത്ത്/ആജ്ഞാബലം**

തനിക്കുചുറ്റുമുള്ളവരെ വാക്കുകൊണ്ടും നോക്കുകൊണ്ടും ഭീഷണിപ്പെടുത്തി ഭീതിയുടെ മുൾമുനയിൽ നിർത്തിയാണ് അധോലോക നായകന്മാർ വളരുന്നതെന്ന് വിൻസന്റിൽ നിന്നുതന്നെ വ്യക്തമായി തിരിച്ചറിയാൻ സാധിക്കും. തന്റെ ഫോട്ടോ എടുക്കാൻ ശ്രമിച്ച മാധ്യമപ്രവർത്തകനെ ഒരൊറ്റനോട്ടത്തിൽ അത് നശിപ്പിച്ചുകളയാൻ പ്രേരിപ്പിക്കുന്നത്, ആ നോട്ടത്തിന് വാക്കുകൾക്കതീതമായ ഒരു ആജ്ഞാശക്തിയുടെ പിൻബലമുള്ളതുകൊണ്ടാണ്. പണവും സ്വാധീനവും കൈക്കരുത്തും വിൻസന്റിന് എത്രത്തോളമുണ്ടെന്ന് ഈ ഒരു സീനിൽ നിന്നുതന്നെ മനസ്സിലാക്കാം. ചങ്കൂറ്റവും ആത്മവിശ്വസവും ആ നോട്ടത്തിനു പിന്നിലുണ്ടെന്നതും മറ്റൊരു സാധ്യതയാണ്. ആ നോട്ടം ഉചിതമായി ക്യാമറ ഒപ്പി എടുത്തതാണ് വിപണിതന്ത്രം.

**ചങ്കൂറ്റം/ആത്മവിശ്വാസം**

വാക്കിലും പ്രവൃത്തിയിലും ചങ്കൂറ്റം പ്രകടിപ്പിക്കുന്ന സ്വഭാവം വിൻസന്റ് തന്റെ കൈമുതലായി കരുതിയിരുന്നു. ആരെയും പേടിയില്ല. ഒന്നിനെയും ഭയമില്ല. എങ്കിലും നേടിയതൊക്കെ കൈവിടാതെ സൂക്ഷിക്കുവാനുള്ള ചങ്കൂറ്റം സദാ വിൻസെന്റ് സൂക്ഷിച്ചിരുന്നു. ആരുടെ മുഖത്ത് നോക്കിയും തന്റെ ശരികളും സമൂഹത്തിന്റെ ബലഹീനതകളും തുറന്ന് പറയാനുള്ള ആർജ്ജവം വിൻസന്റ് നേടിയെടുത്തിരുന്നു. വിൻസന്റ് പണിക്കരോട് പറയുന്നുണ്ട്. "തീയിൽ കുരുത്തതാ, പിന്നെ ഈ വെയില് പ്രശ്നമാണോ, തീയെന്നു പറഞ്ഞാൽ അസ്സല് തീയ്". കൃഷ്ണദാസും കൂട്ടരും വിൻസന്റിനു ചുറ്റും, രക്ഷപ്പെടാനാവാത്ത കെണികൾ ഒരുക്കി വച്ചിട്ടുപോലും അതൊന്നും വകവയ്ക്കാതെ അവസാനനിമിഷംവരെ പൊരുതാനുള്ള തന്റേടം വിൻസെന്റ് കാണിക്കുന്നുണ്ട്. വിട്ടുവീഴ്ചാമനോഭാവം ഇല്ല. കൃഷ്ണദാസ് സഹപ്രവർത്തകരോട് ഗോമസ്സിനെക്കുറിച്ച് പറയുന്നുണ്ട്. "കളി അറിയാവുന്നവന് കളിക്കാൻ ഗ്രൗണ്ട് എന്തിനാടോ". ആരുടെയും സഹായമില്ലെങ്കിലും ചാവേറിനെപ്പോലെ

പൊരുതാനുള്ള മനക്കരുത്ത് വിൻസന്റ് ആർജ്ജിച്ചിട്ടുണ്ട്. തന്നെ മറ്റുള്ളവർ ഭയപ്പെടണം എന്ന് സ്വയം വിശ്വസിപ്പിച്ചുകൊണ്ടുള്ള പ്രവർത്തികൾക്കാണ് വിൻസന്റ് പ്രാധാന്യം കൊടുക്കാറ്. അവിടെ വിജയം തനിക്കായിരിക്കണമെന്ന് മാത്രമേ ഉള്ളൂ. സഹപ്രവർത്തകരോട് പറയുന്നുണ്ട്: "പേടിക്കണമെടോ, ഞാൻ വെറുമൊരു കൊടിച്ചിപ്പട്ടിയല്ല. പേപ്പട്ടിയാ. അവനിരിക്കുന്ന ആനയുടെ കാല് ഞാൻ വെട്ടും, മന്ത്രിസഭ ഞാൻ മറിച്ചിടും, ഈ ഇരിക്കുന്ന സമ്പാദ്യങ്ങൾ മുഴുവൻ ഞാൻ അതിനുവേണ്ടി ചെലവിടും".

നല്ല ഒരു കളിക്കാരനുമാത്രമേ ജീവിക്കാനാവൂ എന്ന സൂചനയും സംഭാഷണത്തിൽ തെളിയുന്നുണ്ട്. പുതിയ പുതിയ കളികളുടേതായ ലോകം എന്നത് വിനോദോപാധിയായ സിനിമയും പ്രേക്ഷകമനസ്സിലാണ് നായകനെവച്ച് കളിക്കുന്നതെന്ന് ദ്വയാർത്ഥം സൂചിതമാക്കുന്നുണ്ട്. അതിസാഹസികമായി ഇൻകംടാക്സ് ഉദ്യോഗസ്ഥരിൽ നിന്ന് സമ്പാദ്യവുമായി രക്ഷപ്പെടുന്ന വിൻസന്റിനോട് പീറ്റർ ചോദിക്കുന്നുണ്ട്: "സാർ അതൊരു കൈവിട്ട കളിയല്ലേ". വിൻസന്റ് : "കൈവിട്ടുകളിക്കാൻ നമുക്കിന്ന് കൈകളെങ്കിലും ഉണ്ടല്ലോ പീറ്റർ, നാളെ ചിലപ്പോ, അവൻ കൈകൾ കൂടി വെട്ടി എന്നിരിക്കും". തന്റെ സമ്പാദ്യം ഉപയോഗിച്ച് ശത്രുവിനെ തകർക്കുവാൻ വിൻസന്റ് ഇറങ്ങി പുറപ്പെടുകയാണ്. അഭിമാനത്തിൽക്കവിഞ്ഞ് മറ്റൊന്നും അയാൾക്ക് പ്രാധാന്യമുള്ളതല്ല എന്ന് ഈ പ്രവൃത്തിയിലൂടെ മനസ്സിലാക്കാം. അധോലോകം സമൂഹത്തിന്റെ നേർപരിച്ഛേദങ്ങളായി വിൻസന്റിനെപ്പോലുള്ളവർ മാറ്റുന്നുണ്ട്.

ചങ്കൂറ്റത്തിനൊപ്പം ആത്മവിശ്വാസമുള്ള പ്രകൃതത്തിനുടമ കൂടിയായിരുന്നു വിൻസന്റ്. കുമാറിനോട് ഒരവസരത്തിൽ "ഉണ്ടടാ, ഉണ്ട് ചങ്കൂറ്റം. നിന്നെയും എന്നെയും ഇവിടെ വരെ എത്തിച്ചത് പണമല്ല, ചങ്കൂറ്റമാണ്, എന്തും ചെയ്യാനുള്ള ധൈര്യം. 'പല്ലിന് പല്ല്, കണ്ണിന് കണ്ണ്, യെസ്. ഐ ആം ഗോയിംഗ് റ്റു കിൽ'. രാജാവിന്റെ മകന് വേണ്ട വീരത്വം വിൻസന്റിലുണ്ട്. അതുകൊണ്ടുതന്നെയാണ് പല്ലിന് പല്ലെന്നും, കണ്ണിന് കണ്ണെന്നുമൊക്കെ വിൻസന്റ് പറയുന്നത്. രാജാവിന്റെ മകനെന്നൊക്കെ സ്വയം പറയുമ്പോഴും താൻ അങ്ങനെയാണെന്ന് വിശ്വസിക്കുന്നുണ്ടാകാം. 'രാജാവിന്റെ മകൻ' എന്ന പേരുതന്നെ അധികാരചിഹ്നമാണ്. പുതിയ കാലത്ത് രാജഭരണം മാറി ജനാധിപത്യം വന്നുവെന്നും പുതിയ ഭരണാധികാരികൾ ഏതർത്ഥത്തിലായാലും (മുന്നിലായാലും പിന്നിലായാലും) നിയന്ത്രിക്കപ്പെടുന്നത് 'രാജാവിന്റെ മകനാ'ലാണെന്നുമുള്ള പുതിയ സൂചനകൂടി നല്കുന്നുണ്ട്.

**ബുദ്ധികൂർമ്മത**

ബുദ്ധികൂർമ്മതയുള്ളവനാണ് വിൻസന്റ് ഗോമസ്സ്. തനിക്ക് ചുറ്റുമുള്ള എന്തിനെയും സദാ വീക്ഷിക്കുകയും അതിനനുസരിച്ച് കരുനീക്കങ്ങൾ നടത്തി സാമ്രാജ്യവിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്യുന്നയാളാണ് വിൻസന്റ്. വിപണികേന്ദ്രിതമായ മുതലാളിത്തം സദാ നിരീക്ഷിക്കുകയും അതിനനുസരിച്ച് മാർക്കറ്റ് ചെയ്യുകയുമാണ് പതിവ്. താരമൂല്യത്തിനനുസരിച്ച് കോടികൾ നിർമ്മാതാക്കൾ മുടക്കുന്നതും ഈ രസതന്ത്രത്താലാണ്. സാറ്റലൈറ്റ് ചാനലുകൾ നടന്റെ മാർക്കറ്റിനനുസരിച്ച് കോടികൾ മുടക്കി സിനിമകൾ സ്വന്തമാക്കുന്നത് ഈ തത്ത്വമനുസരിച്ചാണ്.

അജ്ഞാതസംഘം രാജുമോനെ തട്ടിക്കൊണ്ടു പോകുമ്പോൾ വിൻസന്റ് ആ സ്ഥലം മനസ്സിലാക്കുന്നത് ഫോൺ സംഭാഷണത്തിനിടയിൽ കേൾക്കുന്ന ഫയർ ഇഞ്ചിൻ വാഹനത്തിന്റെ ശബ്ദം തിരിച്ചറിഞ്ഞതിനാലാണ്. ആ സമയം വാഹനം കടന്നു പോകുന്ന സ്ഥലം കൃത്യമായി തിരിച്ചറിഞ്ഞാണ് കുട്ടിയെ കണ്ടുപിടിക്കുന്നതും. ഫോൺ കോൾ അടുത്തുള്ള ഹോട്ടലിൽ നിന്നാണെന്ന്

മനസ്സിലാക്കിയതും സ്വയം ആർജ്ജിച്ചെടുത്ത ബുദ്ധി മുഖാന്തിരമായിരുന്നു. നടന്മാർ അവരെത്തന്നെ സ്വയം ബ്രാൻഡ് അംബാസിഡറായി മാർക്കറ്റ് ചെയ്യുന്നതും അവർക്കും ഈ ബുദ്ധികൂർമ്മത ഉള്ളതുകൊണ്ടാണ്. അവിടെ സ്വയം മാർക്കറ്റിംഗും കച്ചവടതാല്പര്യങ്ങൾക്കനുസരിച്ചാണ്. 'നിങ്ങളില്ലാതെ എന്താഘോഷ'മെന്ന് പറയാൻ കഴിയുന്നത് ജനപ്രിയതാരാരാധന പ്രേക്ഷകർക്കു തങ്ങളോടുണ്ടെന്ന് നടന്മാർ വളരെ വേഗം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതുകൊണ്ടാണ്.

**സംരക്ഷകൻ**

തനിക്കുചുറ്റും സഹായികളായി നിൽക്കുന്നവരെ സഹായിക്കുന്ന മനസ്സ് വിൻസന്റിനുണ്ട്. വന്നവഴി മറക്കാത്ത പ്രകൃതം. ആരിൽ നിന്നും അറിഞ്ഞോ അറിയാതെയോ എന്ത് സഹായം ലഭിച്ചാലും, സ്വീകരിച്ചാലും പ്രത്യുപകാരം ഉടൻ ചെയ്യാറുണ്ട്. അതുവഴി അവരെ സംരക്ഷിക്കാറുമുണ്ട്. കൃഷ്ണദാസ് ആൻസിയോട് വിൻസന്റ് ഗോമസ്സിനെക്കുറിച്ച് പറയുന്നുണ്ട്. "ആപത്തിൽ സഹായിക്കുന്നവരെ മറക്കാത്തവനാണവൻ. ആശ്രിതവത്സലൻ". ഭർത്താവില്ലാത്ത ആൻസിയെ സ്നേഹിക്കുകയും സ്വന്തമാക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നത് സംരക്ഷണഭാവം അയാളിലുള്ളതു കൊണ്ടാണ്. താരങ്ങളും ആരാധകരെ ചാരിറ്റിപ്രവർത്തനങ്ങളിലൂടെ സംരക്ഷിക്കുകയാണല്ലോ. ആ സംരക്ഷണത്തിന് പലപ്പോഴും കച്ചവടലക്ഷ്യമുണ്ട്.

സിനിമ വിപണിതാല്പര്യങ്ങൾക്കനുസരിച്ച് 'വിൻസന്റ്ഗോമസ്' എന്ന നായകനെ ഉദാത്തവത്കരിക്കാൻ വേണ്ട സ്വഭാവമഹിമകൾ നൽകുന്നുണ്ട്. എങ്കിലും പൊതുജനങ്ങൾക്ക് ആപത്കരമായ സൂചനയാണ് അധോലോകനായകന്മാരും അവരുടെ പ്രവൃത്തികളും നൽകുന്നത്. അധോലോകനായകന്മാർ ക്രൈം നായകൻമാരുമാണ്. 'ക്രൈം' എന്നതിന് 'ഏതൊരു ദുഷ്കൃത്യവും'[3] എന്നർത്ഥം. അധോലോകപ്രവർത്തനവും കുറ്റകൃത്യങ്ങളും വച്ചുപുലർത്തുന്നതുകൊണ്ട് ഇത്തരം കഥാപശ്ചാത്തലമുള്ള സിനിമയിലെ നായകന്മാരെ 'ഗ്യാങ്സ്റ്റർ നായകന്മാർ' എന്നും വിശേഷിപ്പിക്കാം. "ഗ്യാങിന് ഒരുമിച്ചു ജോലിചെയ്യുന്ന കുറ്റവാളികളുടെ ഗണം എന്നും ഗ്യാങ്സ്റ്റർ എന്ന പദത്തിന് സായുധകൊള്ളക്കാരൻ എന്നുമാണ് അർത്ഥം"[4]

ക്രിമിനലിനോടും കുറ്റകൃത്യങ്ങളോടും പ്രേക്ഷകർക്ക് അമിതമായ താല്പര്യം സമീപകാലത്ത് വന്നു തുടങ്ങിയിട്ടുണ്ട്. അതിദുർഘടമായ ജീവിത മുഹൂർത്തങ്ങളിലൂടെ ഇത്തരം സ്വഭാവഘടനയുള്ള നായകകഥാപാത്രങ്ങൾ കടന്നുപോകുന്നതുകാണുന്ന പ്രേക്ഷകർക്കിടയിലുണ്ടാകുന്ന സഹതാപമാണ് വൻജനപ്രീതിക്ക് കാരണം. പ്രേക്ഷകർക്കിടയിൽ എതിർപ്പിന്റെ സ്വരവും ഉണ്ടാകാറുണ്ട്. ഇന്ന് പുറത്തിറങ്ങുന്ന അധോലോക/ക്രിമിനൽ പശ്ചാത്തലമുള്ള സിനിമകൾ പലതും നടന്നു എന്നു കരുതപ്പെടുന്ന സംഭവങ്ങളെ ആസ്പദമാക്കി നിർമ്മിക്കപ്പെടുന്നവയാണ്. 'തീരൻ' എന്ന സമീപകാല തമിഴ് ചിത്രം ഉദാഹരണമാണ്.

അധോലോകനായകന്മാർക്ക് പൊതുസ്വഭാവമുള്ളതുകൊണ്ടാകാം പല സിനിമകളും ആവർത്തനമാകുന്നത്. കുറ്റകൃത്യങ്ങൾക്കായ് സംഘംചേരൽ, അത് ഒരേ ഗ്യാങ്ങുകളാകാം, വിവിധ ഗ്യാങ്ങുകളുടെ കൂടിച്ചേരലാകാം. ഇക്കൂട്ടർക്ക് ചതിയുടെയും വഞ്ചനയുടെ തകർച്ചയുടെയും പ്രതികാരകഥകളായിരിക്കും പറയുവാൻ ഏറെയുള്ളത് (മാഫിയ, രണ്ടാം ഭാവം, നായകൻ, യുവതുർക്കി, സ്റ്റോപ്പ് വയലൻസ്, ബിഗ്ബി, ഗ്യാങ്സ്റ്റർ തുടങ്ങിയ സിനിമകൾ ഉദാഹരണമാണ്). എന്നാൽ കുടുംബബന്ധങ്ങളും സൗഹൃദവലയങ്ങളും അധോലോകനായകന്മാരെ പലപ്പോഴും

പിറകോട്ടുവലിക്കുന്നുണ്ട്. അത് ജീവിതത്തിലേക്കായിരിക്കില്ല എന്നുമാത്രം. നായകന്റെ മരണത്തിലേക്കുള്ള ക്ലൈമാക്സ് രൂപീകരണമായി പല സിനിമകളിലും മാറുന്നുണ്ട്. ഇവിടെയാണ് മൂല്യാധിഷ്ഠിത സംസ്കാരവ്യവസായം പ്രകടമാകുന്നത്. അധോലോകനായക സിനിമകൾക്കിടയിൽ ന്മാർക്കിടയിൽ വിൻസന്റ്ഗോമസ് എന്ന നായകകഥാപാത്രം ശ്രദ്ധിക്കപ്പെടുന്നതും ഇതേ കാരണങ്ങളാലാണ്.

കുറിപ്പുകൾ

1. ജി.പി.രാമചന്ദ്രൻ, ഇന്ത്യൻ സിനിമയിൽനിന്ന് ഇന്ത്യയെ കണ്ടെത്തുമ്പോൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2009, പുറം-132.

2. അതേ പുസ്തകം - പുറം-133.

3. വീ റീഡേഴ്സ് ഇംഗ്ലീഷ്-ഇംഗ്ലീഷ്-മലയാളം ഡിക്ഷണറി, വി പബ്ലിഷേഴ്സ്, കോട്ടയം, 1994, പുറം-155.

4. അതേ പുസ്തകം - പുറം-272-273.

ഗ്രന്ഥസൂചി

1. രാമചന്ദ്രൻ ജി.പി, ഇന്ത്യൻ സിനിമയിൽനിന്ന് ഇന്ത്യയെ കണ്ടെത്തുമ്പോൾ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2009.

2. രവീന്ദ്രൻ, സിനിമ സമൂഹം പ്രത്യയശാസ്ത്രം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2007.

3. രാജ്കാവിൽ, ജനപ്രിയതയുടെ രാജശില്പികൾ, എച്ച് ആന്റ് സി പബ്ലിഷിംങ് ഹൗസ്, തൃശ്ശൂർ, 2005.